**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണം, ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ എന്നിവയ്ക്കായി പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകൾ നിശ്ചയിക്കുന്ന ധനസഹായനിരക്ക് അവലംബിയ്ക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.420 /16/തസ്വഭവ　　　തിരുവനന്തപുരം, തീയതി : 02.02.2016

---

പരാമർശം - 20.01.2016 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതിയുടെ 2.6 നമ്പർ തീരുമാനം.

## <u>ഉത്തരവ്</u>

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ സമിതിയുടെ പരാമർശ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണം, ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ എന്നിവയ്ക്കായി പട്ടികജാതി/പട്ടിക വർഗ്ഗ വകുപ്പുകൾ നിശ്ചയിക്കുന്ന ധനസഹായ നിരക്ക് 20.01.2016 മുതൽ അവലംബിയ്ക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. സ്ഥലത്തിന്റെ വില ബന്ധപ്പെട്ട ജില്ലാ കളക്ടർ നിശ്ചയിക്കുന്ന പ്രകാരമായിരിക്കണം.

**(ഗവർണറുടെഉത്തരവിൻ പ്രകാരം)**
**കെ.എസ്.ശോഭന**
**ജോയിന്റ് സെക്രട്ടറി**

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും.
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്